**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 92** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** *വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്ക് 11.02.2020 ന 11.1390 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു വെങ്കിലും പ്രവർത്തിയുടെ ഡിസൈൻ പ്രവർത്തികൾ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് അന്തിമം ആയിട്ടില്ല. നിർവ്വഹണ ഏജൻസി ആയ IMPACT കേരളം, എസ്റ്റിമേറ്റ് പൂർത്തീകരിച്ച് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തിക അനുമതി നേടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടതുണ്ട്.*

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** *പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത് പദ്ധതി നിർവഹണ ഏജൻസിയാണ്. ഡിസൈൻ മാറ്റം മൂലവും DSR മാറ്റം മൂലവും നിലവിലെ സാമ്പത്തിക അനുമതിയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരാൻ സാധ്യതയുള്ളതിനാൽ, പ്രവർത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തിക അനുമതി ആവശ്യമാണ്. സാമ്പത്തിക അനുമതി പുതുക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റുകൾ IMPACT കേരളം, കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എസ്റ്റിമേറ്റിലെ തിരുത്തലുകൾക്കുള്ള നിർദ്ദേശം 12.06.2025 ന് കിഫ്ബി നൽകിയിരുന്നു. Civil ഭാഗം കിഫ്ബി നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് തിരുത്തലുകൾ വരുത്തിയിട്ടുണ്ട് എന്നും Electrical, Fire, HVAC, ELV എന്നീ ഭാഗങ്ങളുടെ തിരുത്തലുകൾ DPR കൺസൾട്ടന്റ് വരുത്തി നൽകിയിട്ടില്ല എന്നും IMPACT കേരളം അറിയിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റുകൾ KIIFB യിൽ ലഭ്യമായി, ആയത് ബോർഡിന്റെ പരിഗണനയിൽ കൊണ്ട് വന്ന സാമ്പത്തിക അനുമതി*

*പൂതുക്കേണ്ടതുണ്ട്. തുടർന്ന് സാങ്കേതിക അനുമതി നൽകി നിർവഹണ ഏജൻസിക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്.*

**സെക്ഷൻ ഓഫീസർ**